(6) അന്തർദേശീയ തലത്തിലുള്ള പ്രമുഖ മാധ്യമ പ്രവർത്തകരെ ക്ഷണിച്ചു വരുത്തി കേരളത്തെക്കുറിച്ചുള്ള വിശദാംശങ്ങളും ടൂറിസത്തിന്റെ അനന്തസാദ്ധ്യതകളെക്കുറിച്ചുള്ള വിശദാംശങ്ങളും കൈമാറിയുള്ള പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

ഇതിനെല്ലാം പുറമെ കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനും സൗന്ദര്യവൽക്കരണത്തിനും സംരക്ഷണത്തിനും ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(സി) ഏകദേശം 42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ടൂറിസം വകുപ്പ് നടത്തുന്ന സർവ്വെ പ്രകാരം 2003-ൽ 5938 കോടി രൂപയും 2004-ൽ 6829 കോടി രൂപയും വരുമാനമുണ്ടായി. 2005-ലെ വരുമാനം കണക്കാക്കി വരുന്നതേയുള്ളൂ.

(ഇ) സ്വീകരിക്കുന്നതാണ്.

വന്യജീവികളുടെ സെൻസസ്

16 [*100] ശ്രീ. ചെർക്കളം അബ്ദുള്ള :
„ സി. മമ്മൂട്ടി:
„ കെ. എൻ. എ. ഖാദർ:
„ ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതി-വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാടുകളിലുള്ള വന്യജീവി സമ്പത്ത് എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ:

(ബി) കാട്ടിലെ ആന തുടങ്ങിയ ഏതെല്ലാം മൃഗങ്ങളുടെ സെൻസസ് എടുക്കുന്നുണ്ട്:

(സി) ഏറ്റവും ഒടുവിലുള്ള സെൻസസ് പ്രകാരം വന്യജീവികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇവയുടെ എണ്ണം കുറയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പരിസ്ഥിതി-വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ):

(എ) ഇല്ല.

(ബി) ആന, കടുവ, കാട്ടുപോത്ത്, വരയാട്, മ്ലാവ്, പുള്ളിമാൻ, കാട്ടുപന്നി, കരിങ്കുരങ്ങ്, മലയണ്ണാൻ തുടങ്ങിയ മൃഗങ്ങളുടെ സെൻസസാണ് സാധാരണ നടത്തുന്നത്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly